# INDIAN SCHOOL DARSAIT
## MODEL QUESTION PAPER – FEBRUARY, 2018
## MALAYALAM(3rd Language)

Class: VII Max.Marks:80
Date:09/03/2017 Time: 3hrs

***General Instructions:***

*All questions are compulsory.

* All questions must be attempted in the correct order.

## SECTION - A

1. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

ഒരിക്കൽ കാട്ടിലെ രാജാവായ സിംഹത്തിന് ഒരു രോഗം വന്നു. അദ്ദേഹം വൈദ്യനായ കുറുക്കനെ വിളിച്ചു വരുത്തി. എന്നിട്ട് പറഞ്ഞു: ‘നമുക്ക് എപ്പോഴും ദേഷ്യം വരും .ദേഷ്യം വരുമ്പോൾ വല്ലതും പറയും. പിന്നെ അതോർത്ത് ദുഃഖിക്കും . ഈ രോഗം മാറ്റാൻ എന്താണൊരു മരുന്ന്?“ കുറുക്കൻ പറഞ്ഞു: ”തിരുമേനി, ഇതിന് മരുന്നൊന്നും എൻെറ കൈവശമില്ല. പക്ഷേ ഒരു മന്ത്രമുണ്ട് അത് ചൊല്ലിയാൽ മതി.“സിംഹം : ”എന്താടോ ആ മന്ത്രം?“ കുറുക്കൻ: ”ഒന്നു മുതൽ പത്തു വരെ എണ്ണുക.“ ഇതു കേട്ടപ്പോൾ രാജാവിന് ദേഷ്യം വന്നു. ”ആരവിടെ ഇവനെ ഉടനെ കൊണ്ടുപോയി തൂക്കിക്കൊല്ലൂ!“ എന്നിങ്ങനെ കല്പിക്കാനാണ് വായിൽ തോന്നിയത്. പക്ഷേ വൈദ്യനായ കുറുക്കനെ കൊന്നാൽ പിന്നീട് വിഷമിക്കേണ്ടി വരും. അതിനാൽ സിംഹം കുറുക്കൻ പറഞ്ഞതു പോലെ പത്തുവരെ മനസ്സിൽ എണ്ണി. കോപം ഇല്ലാതായി. പിന്നെ ദേഷ്യം വരുമ്പോഴെല്ലാം സിംഹം പത്തുവരെ എണ്ണുന്നതു പതിവാക്കി.

ദേഷ്യം വരുമ്പോൾ പ്രജകളും തന്നെപ്പോലെ പത്തു വരെ എണ്ണണമെന്ന് രാജാവ് ഉത്തരവിട്ടു.

1. കാട്ടിലെ വൈദ്യൻ ആരായിരുന്നു? 2
2. ആർക്കാണ് എപ്പോഴും ദേഷ്യം വരുന്നത്? 2
3. കുറുക്കൻ രാജാവിനു പറഞ്ഞു കൊടുത്ത മന്ത്രം എന്തായിരുന്നു? 2
4. രാജാവിൻെറ ഉത്തരവ് എന്തായിരുന്നു? 2
5. ഈ കഥയ്ക്ക് ഉചിതമായ ഒരു പേര് നല്കുക. 2

2. ആശയം വിപുലീകരിച്ച് ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക. 5

'ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട'

## SECTION - B

3. ശരിയേത്? 2

1. ഭിക്ഷാടനം–ഭിക്ഷാഢനം
2. വീരശൃഗല–വീരശൃംഖല
3. ആഹ്ലാദം– ആഹ്ലാധം
4. പരമാർത്തം–പരമാർത്ഥം

4. നാനാർത്ഥം എഴുതുക. 2

1. മണി
2. പച്ച

5. പര്യായം എഴുതുക 2

1. ലോകം
2. രാജാവ്

6. പിരിച്ചെഴുതുക. 2

1. ആരുടെയെങ്കിലും
2. ഞാനിരിപ്പൂ

7. ചേർത്തെഴുതുക. 2

1. വീട്ടുമുറ്റത്ത്+എത്തി
2. പൊന്ന്+അരഞ്ഞാൺ

8. ഒറ്റപ്പദമെഴുതുക. 2

1. ദാരിദ്ര്യം ഉള്ളവൻ
2. വൃദ്ധനായ ബ്രാഹ്മണൻ

9. വാക്യത്തിൽ പ്രയോഗിക്കുക. 2

1. ആഹ്ലാദകരമായ
2. അന്ധാളിച്ചുപോവുക.

10. അടിയിൽ വരയിട്ടിരിക്കുന്ന പദത്തിന്റെ എതിർലിംഗം ചേർത്ത് വാക്യം മാറ്റി എഴുതുക. 2

1. തെരുവിൽ അലഞ്ഞു തിരിയുകയായിരുന്ന <u>ബാലനെ</u> പോലീസ് വീട്ടിലെത്തിച്ചു.

2. ഞങ്ങളുടെ നാട്ടിൽ ധാരാളം കലാകാരന്മാർ ഉണ്ട്.

11. ഉചിതമായ രൂപം ചേർത്ത് വാക്യം പൂരിപ്പിക്കുക. 2

1. രാജാവിനെ ചികിത്സിക്കാൻ ധാരാളം .............................. എത്തി.

(വൈദ്യൻ, വൈദ്യന്മാർ)

2. രവിക്ക് പിറന്നാളിന് ഒരു .................................. കിട്ടി.

(സമ്മാനം, സമ്മാനങ്ങൾ)

12. വാക്യം ക്രമപ്പെടുത്തി എഴുതുക. 2

1. ചില്ലുജാലകം/ഒരു/ഉണ്ടായിരുന്നുള്ളൂ/മാത്രമേ/മുറിക്ക്

2. വിഷം/കോഴിക്കോട്/ തീണ്ടി/അക്കാലത്ത്/സാമൂതിരിയെ

## SECTION - C

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

13. അർത്ഥം എഴുതുക. 2

1. പൊളി (നേര്,നുണ,പാളി)

2. തിലകം(പൊട്ട്,തിലം, പാട്ട്)

14. വിപരീതം 2

1. ദുരന്തം (സുഖാന്തം, അനന്തം,സ്വന്തം)

2. ഉദിക്കുക (തപിക്കുക, അസ് തമിക്കുക, ആദരിക്കുക)

15. അർത്ഥവ്യത്യാസം എഴുതുക. 2

1. തെല്ല്-തല്ല് (അല്പം, അനല്പം,ആടി,അടി)

2. തോട്-തോട (കമ്മൽ,മാല,അരുവി,അറിവ്)

16. അക്കങ്ങൾ അക്ഷരത്തിലാക്കി എഴുതുക. 2

1. 98

2. 115

3. 1947

4. 2018

17. പൂരിപ്പിക്കുക 3

1. മൂത്തവർ ചൊല്ലും മുതു നെല്ലിക്ക ..............................................................

2. ഉത്തരം വളഞ്ഞാൽ ................................................

3. പലതുള്ളി ..........................................................................................

## SECTION - D

18. പാഠപുസ്തകത്തിലേതു പോലെ പൂരിപ്പിക്കുക (8 വരി) 4

ചെറുപുള്ളി ....................................................................................

....................................................................................... ചട്ടിയിലൊട്ടാകെ.

19. ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക. 1x6=6

1. ചങ്ങാലിപ്രാവ് എന്ന കവിത എഴുതിയതാര്?

   (കുമാരനാശാൻ, വൈലോപ്പിള്ളി ശ്രീധരമേനോൻ, ഇടശ്ശേരി ഗോവിന്ദൻ നായർ)
2. "ഇതെല്ലാം അങ്ങയുടെ ഉപദേശവും അനുഗ്രഹവും കൊണ്ട് കിട്ടിയതാണ്." കൊച്ചുരാമൻ ഇങ്ങനെ പറഞ്ഞത് ആരോട്?

   (സാമൂതിരിയോട്, ശിഷ്യനോട്, ഗുരുവിനോട്)
3. 'ഏഴു കടലോടിവന്ന' തെന്ത്?

   (അഞ്ജനം, കുങ്കുമം, പട്ട്)
4. നിധികുംഭം അഗ്നി ശർമ്മൻെറ ആശ്രമത്തിൽ കൊണ്ടുചെന്നിട്ടതാര്?

   (വേടൻ, അഗ്നിവർണ്ണൻ, കുട്ടികൾ)
5. "മുത്തശ്ശീ, ഒരു പേഴ്സ് കളഞ്ഞുപോയി." – ആരുടെ പേഴ്സാണ് കളഞ്ഞു പോയത്?

   (അപ്പുവിൻെറ, ധന്യയുടെ , നന്ദിനിക്കുട്ടിയുടെ)
6. മാർട്ടിൻ ഏതു രാജ്യക്കാരനായിരുന്നു?

   (അമേരിക്ക, റഷ്യ, ഇംഗ്ലണ്ട്)

20. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക. 6x4=24

1. ഉണ്ണിയാർച്ച ഒരുക്കത്തിന് ഉപയോഗിക്കുന്ന ആഭരണങ്ങൾ എന്തൊക്കെയാണ്?
2. കൊച്ചുരാമൻ വിഷവൈദ്യം പഠിക്കാൻ കാരണമെന്ത്?
3. മുത്തശ്ശി കുട്ടികൾക്ക് നല്കുന്ന ഉപദേശമെന്ത്?
4. തനിക്ക് തെറ്റു പറ്റിപ്പോയി എന്ന് ചങ്ങാലിപ്രാവ് തിരിച്ചറിഞ്ഞതെപ്പോൾ?
5. വി.ടി.യോട് തിയ്യാടിപ്പെൺകുട്ടിയോട് ആവശ്യപ്പെട്ടതെന്ത്?
6. മാർട്ടിൻ ദൈവത്തിൻെറ അജ്ഞാതവഴികളെക്കുറിച്ച് അറിയാനിടയായത് എങ്ങനെ?